# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 110** | **04/12/2014-ൽ മറുപടിക്ക്**

## പൊതു വിദ്യാഭ്യാസ മേഖലയിൽ ഫോക്കസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ 'ഫോക്കസ് പദ്ധതി' നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ അനാദായകരമായ 3557 സ്കൂളുകളിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുവാനായി ഫോക്കസ് പദ്ധതി നടപ്പാക്കിവരുന്നു. അറുപതു കുട്ടികളിൽ കുറവുള്ള സ്കൂളുകളെയാണ് ഇതിൽ ഉൾക്കൊള്ളിക്കുക. 1-ാം ഘട്ടമായി തിരഞ്ഞെടുത്ത 1568 വിദ്യാലയങ്ങളിൽ ഈ വർഷം തന്നെ പ്രവർത്തനം ആരംഭിച്ചു. |
| (ബി) | ഫോക്കസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എപ്രകാരമാണ് ; | (ബി) | 60 കുട്ടികളിൽ കുറവുള്ള വിദ്യാലയങ്ങളിൽ സാമൂഹിക പങ്കാളിത്തത്തോടെ ഭൗതികമായ മികവ് ഉറപ്പാക്കുകയും അതോടൊപ്പം അക്കാദമികമായ മികവ് പരമാവധി ആർജ്ജിക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ? | (സി) | ഫോക്കസ് വിദ്യാലയങ്ങളിൽ ബി.ആർ.സി. കളിൽനിന്നുള്ള പ്രത്യേക ശ്രദ്ധയും, ട്രയിനർമാർ, ക്ലസ്റ്റർ കോർഡിനേറ്റർമാർ, റിസോഴ്സ് ടീച്ചർമാർ എന്നിവരുടെ കൂടുതൽ തത്സമയ സഹായവും ഉറപ്പാക്കുന്നു. |

**സെക്ഷൻ ഓഫീസർ**